**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **09-08-2023 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി, മലക്കപ്പാറ പ്രദേശങ്ങളിൽ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, മലക്കപ്പാറ തുടങ്ങിയ മലയോരപ്രദേശങ്ങളിലേയ്ക്കുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ മരങ്ങളും മരച്ചില്ലകളും വീണ് വൈദ്യുതി തടസ്സമുണ്ടായി ദിവസങ്ങളോളം വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള വൈദ്യുതി വിതരണ ലൈൻ കൊടുംകാടിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. വന്യമൃഗ സാന്നിദ്ധ്യമുള്ളതിനാൽ രാത്രികാലങ്ങളിൽ മരച്ചില്ലകൾ വീണ് സംഭവിക്കുന്ന തടസ്സങ്ങൾ ഒഴികെയുള്ള തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കാറുണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിലെ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | അതിരപ്പിള്ളി, മലക്കപ്പാറ തുടങ്ങിയ മലയോര പ്രദേശങ്ങളിലെ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനായി ഷോളയാർ മുതൽ മലക്കപ്പാറ വരെ റോഡിലൂടെ ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ ഉപയോഗിച്ച് പുതിയ വൈദ്യുതി വിതരണ ശൃംഖല സ്ഥാപിക്കാൻ ആർ.ഡി.എസ്.എസ്. അഡീഷണൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അതിരപ്പിള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | മലക്കപ്പാറ, തമിഴ്നാട് അതിർത്തിയോട് അടുത്തുകിടക്കുന്നതിനാൽ അവിടെ നിന്നും വൈദ്യുതി എത്തിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അതിന് തമിഴ്നാട് സമ്മതം നൽകിയിട്ടില്ല. ആയതിനാൽ അതിരപ്പിള്ളിക്ക് സമീപം വെറ്റിലപ്പാറ എന്ന സ്ഥലത്ത് 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ടി സബ്സ്റ്റേഷന്റെ അനിവാര്യത സംബന്ധിച്ച് സാങ്കേതിക പഠനം നടത്തി ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ